# KRISHI VIGYAN KENDRA

**Central Marine Fisheries Research Institute**

(Indian Council of Agricultural Research)



Narakkal P.O., Ernakulam District, Kerala State, PIN 682 505

Phone: 0484-2492450, 2277220, E-mail: kvkernakulam@cmfri.org.in


# NEWS LETTER


No. 10 April 2009 - March 2010


Krishi Vigyan Kendra (Ernakulam) functioning under Central Marine Fisheries Research Institute (ICAR) aims at the overall development of this district in agriculture and allied sectors. The Kendra has linkages with all the line departments in the district in addition to contacts with most of the Agricultural Universities and all the ICAR institutes in the country. These linkages helps the Kendra updated on the recent technologies in Agriculture and allied sectors. Highly qualified professionals in each fields of agriculture working with the Kendra facilitate to modify these technologies suiting to local requirements by adopting various scientific methodologies. Thus a locally viable technology takes birth. A successful technology would be popularized by the Kendra whereas feedback from a failure would be sent back to research institutions for refinement. The impact of our technology dissemination activities is visible in the technology adoption rate by the farmers.

## TRAINING PROGRAMES

Information, knowledge and technology flows to the various end users through effective training. During the year 2009-10 the Krishi vigyan kendra organized 46 courses for 1086 trainees on agriculture and allied sectors. The different topics covered under fisheries were on coastal aquaculture, mud crab farming and ornamental fish culture. Topics under agriculture included pokkali paddy cultivation, coconut cultivation, organic pesticide preparation for kitchen garden and scaling up of water productivity in agriculture. Topics under home science included value addition of fish/shrimp, value addition of fruits/ vegetables, mushroom processing and preparation of household cleaning materials.

Krishi vigyan kendra, as the agricultural knowledge platform for the district promotes technology transfer and delivery through its **On Farm Testing** and **Front Line Demonstrations.**

## ON FARM TESTING

Under On farm testing (OFT), cage culture of sea bass in polyculture systems, trial of small-scale depuration unit for clean clam meat production, high-density planting of tissue culture banana, farm trials of coconut climbing machine and cultivation of new Pokkali paddy variety, VTL-7(KAU) were carried out. Nursery rearing of marine ornamental fishes and sea bass, on-farm production of organic manure in coconut garden and adaptability of bush cutter for harvesting of paddy were also initiated.

## FRONTLINE DEMONSTRATIONS

Front line demonstration (FLD) on cultivation of proven pokkali paddy variety, VTL-6(KAU) and cultivation of high yielding cassava variety, SreeJaya & SreeRekha (CTCRI) were carried out during 2008-09. Introduction of euryhaline brackish water fishes and carps in unutilized freshwater pond systems, cage culture of Sea Bass in open backwater system, scientific management of stem bleeding in coconut using tridemorph & neem cake, eco-friendly management of fruit fly in cucurbits using pheromone trap, demonstration of farming of Oyster mushroom, Co(OM)2 *Hypsizygusulmarius*, cultivation of high-yielding hybrid coconut, 'Kerasree', demonstration of hand-operated cassava chipping machine and demonstration of cassava harvesting tool were also carried out successfully as part of front line demonstrations.

## FARMER'S FIELD SCHOOL

Apart from regular training programmes, a Farmer's Field School programme was organized on *'Integrated pest management in banana'* at Mookannur village near Angamaly. Scientists from KVK and Agricultural officer of Mookkanur regularly visited the field till harvest of the crop. Detailed discussion, demonstrations and classes on different aspects of banana cultivation were conducted every week. Fourty farmers participated in the programme.

## AWARENESS PROGRAMME

The KVK and Narakkal community health centre of the Amrita Institute of Medical Sciences, Cochin has jointly organized an awareness programme on the *'Role of the Krishi Vigyan Kendra in Rural Empowerment'* at Narakkal on 12/8/2009. Mrs. Mini Dileep, President, Nayarambalam Panchayat, inaugurated the programme. Dr. K. Asokakumaran Unnithan, Programme Coordinator, KVK, delivered the key note address on the *Role of KVK in rural empowerment*. Smt. P. Sreeletha, Subject matter specialist, Home science, KVK delivered a talk on *Value addition of fish, fruit and vegetable for women empowerment.*






Dr. Leelamoni delivered a talk on *Prevention of Swine Flu*. More than sixty members including doctors, health workers, rural men and women participated in the programme.

## SCIENCE CAMP

(i) A Science camp on wetland development, focusing on conservation of Mangroves systems was held at KVK on 24/9/2009. Twenty four students and a teacher of the B.Sc.Degree course in Zoology of the Cochin college participated in the programme, (ii) Science camp of ten working days duration for the benefit of 27 students and 3 staff of Govt. VHSE, Narakkal was organised during 16-28 November 2009. Different topics under coastal aquaculture including integrated farming were covered by more than a dozen faculty members. The programme was held at CMFRI, Cochin

## SCIENTIFIC ADVISORY COMMITTEE MEETING

The second meeting of the reconstituted scientific advisory committee meeting of the KVK was held on 22/03/2010 at CMFRI, Cochin.

## RADIO PROGRAMME

Mass media coverage influences the farming community very effectively on large scale and keeping this in view, the Kendra has done, i) A phone-in programme on *Approaches to agricultural development strategies in the changing scenario*, participated by Dr. K. Asokakumaran Unnithan, broadcasted by the FM Station of All India Radio, Kochi on15/5/2010, ii) Talk on *Production of crabs for export* in local language by Dr. K. Asokakumaran Unnithan broadcasted over the Thrissur station of All India Radio on 3/8/2009 under the Farm & Home Programme, iii) *Krishi vigyan kendra programmes for the farming community*, an interview with Dr. K. Asokakumaran Unnithan, was broadcasted by Kochi FM station of All India Radio on 12/12/2009, iv) A brief pre-budget phone in programme on *Requirements / expectations / scope of budget in agricultural sector* participated by Shri.Shoji Joy Edison, Subject matter specialist (Horticulture) was broadcasted by FM Station of All India Radio, Kochi on 25/2/2010.

## IMPORTANT VISITORS

Dr. T.J. Pandian as Head of the Quinquennial review team of the Central Institute of Brackish Water Aquaculture, Chennai visited the KVK, accompanied by Dr.A.G.Ponnaiah, Director and Dr.A.R.T.Arasu and S.M.Pillai, Principal Scientists of CIBA on 12/6/2009.

Dr.Mrs.M.K.Sheela, Director of Extension, Kerala Agricultural University, Shri.A.C.Philip, Joint Director & Principal Agricultural Officer, Ernakulam, Shri. A.V.V. Subramanian, Asst. General Manager, NABARD, Ernakulam, Shri.K.R.Jayaprakash, Lead District Manager, Union Bank, Ernakulam, Shri.D.Subramanian, State marketing Manager, IFFCO and Dr. Mrs. S. Girija, Director, National Institute of Fisheries Post-Harvest Technology and Training (NIFPHATT) visited the KVK during 26-30 October, 2009.

CMFRI Quinquennial review team headed by Dr. S.A.H. Abidi visited the KVK on 22/10/2009.

Dr. K.D. Kokate, Deputy Director General (Agricultural Extension), ICAR, New Delhi and Dr. S. Prabhukumar, Zonal Project Director, Zone VIII, TOT Projects, ICAR, Bangalore visited the KVK on 10/01/2010.

## FARMERS ON STUDY TOUR TO KVK

Under the ATMA Scheme of the Ministry of Agriculture (GOI), thirty progressive farmers from Kanyakumari (4/8/2009), forty farmers from Edappally Block, Ernakulam district (16/9/2009) and 45 farmers from Angamaly block, Ernakulam (29/9/2009) visited the KVK.They were given training on two subjects, viz., (i) Culture of different species of finfishes and shell fishes in ponds and cages (ii) Value addition of fish. Another batch of 22 fish farmers from Calicut sponsored by the Brackishwater Fish farmers Development Agency, Govt. of Kerala also visited the KVK and got themselves familiarized with the use of cages for nursery rearing as well as grow-out farming of hatchery raised Mud crab and Sea bass seeds.

The Kendra also facilitated a group of fish farmers of Kothamangalam taluk to visit progressive farms in [illegible]vur Taluk and to have a farmer-farmer interaction.

## TRANSFER OF STAFF

Shri.M.M.Bhaskaran, Tech.Assistant, T-3 on 22-12-2009 and Shri.M.P.Sivadasan, Sr.Tech. Asst., T-4 on 02-01-2010 were transfered to Calicut Research Centre of CMFRI.

## RECRUITMENT OF STAFF

The following staff were recruited during 2010.

| Name of the incumbent | Designation | Discipline |
|---|---|---|
| Shri.Vijendra Kumar Meena | Subject Matter Specialist | Agronomy |
| Shri. Shoji Joy Edison | -do- | Horticulture |
| Dr. S. Shanas | -do- | Plant Protection |
| Dr. (Mrs.) K. Smita Sivadasan | -do- | Animal Husbandry |
| Shri. F. Pushparaj Anjelo | -do- | Agricultural Extension |
| Miss. N.V. Dipti | Programme Assistant | Laboratory Technology |
| Shri. V.K. Manu | -do- | Computer Programming |

## PUBLICATIONS

Two KVK Newsletters were released by Dr. E. Vivekanandan, Director (Acting), CMFRI on the occasion of the inauguration of Technology week celebration on 26/10/2009.






# കൃഷി വിജ്ഞാനകേന്ദ്രം

**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)

ഞാറക്കൽ - 682 505, എറണാകുളം ജില്ല,

E-mail: kvkernakulam@cmfri.org.in

## വാർത്താ പത്രിക

ലക്കം 10

ഏപ്രിൽ, 2009 - മാർച്ച്, 2010


ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിനു കീഴിലുള്ള എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം, ജില്ലയിലെ കൃഷിയുടേയും അനുബന്ധ വ്യവസായങ്ങളുടേയും ആകെയുള്ള വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ജില്ലയിലെ അനുബന്ധ സ്ഥാപനങ്ങളുമായും വകുപ്പുകളുമായും യോജിച്ചു പ്രവർത്തിക്കുന്നു എന്നതിന് പുറമെ വിവിധ കാർഷിക സർവ്വകലാശാലകൾ, ദേശീയ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയായും ഈ കേന്ദ്രം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ദേശീയ തലത്തിൽ കാർഷിക മേഖലയിലുള്ള പുത്തൻ പ്രവണതകളും, സങ്കേതങ്ങളും മറ്റ് സാങ്കേതിക വിദ്യകളുമെല്ലാം ഈ കേന്ദ്രത്തിന് ലഭ്യമാണ്. കൃഷിവിജ്ഞാന കേന്ദ്രത്തിലെ സാങ്കേതിക വിദഗ്ദർ ഇത്തരം പുത്തൻ സങ്കേതങ്ങളെ പ്രാദേശിക രീതികൾക്കിണങ്ങുംവിധം രൂപകൽപന ചെയ്യാൻ സഹായിക്കുന്നു. അങ്ങിനെ ഈ പ്രദേശത്തിനിണങ്ങുന്ന കാർഷിക സാങ്കേതികവിദ്യ പിറവിയെടുക്കുന്നു. ഇവയുടെ വിജയം മറ്റു കൃഷിക്കാരിലേക്കും പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്കൊപ്പം ന്യൂനതകളോ പരാജയങ്ങളോ തിരിച്ച് ഗവേഷണ ശാലകളുടെ ശ്രദ്ധയിൽപ്പെടുത്തുവാനും കൃഷിവിജ്ഞാനകേന്ദ്രം ശ്രദ്ധിക്കാറുണ്ട്. ഈ കേന്ദ്രം പ്രചരിപ്പിക്കുന്ന നൂതന സാങ്കേതിക വിദ്യകളുടെ പ്രചാരണ പ്രവർത്തനങ്ങളുടെ അനന്തരഫലം കർഷകരുടെയിടയിൽ ഏറിവരുന്ന അവയുടെ പ്രയോഗത്തിൽ നിന്നും ദൃശ്യമാണ്.

### പരിശീലന പരിപാടികൾ

വിവിധ പരിശീലന പരിപാടികൾ വഴി ഫലപ്രദമായി അറിവും സാങ്കേതിക വിവരവും ഉപഭോക്താവിലേക്കെത്തിക്കുന്നതിനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ ഈ കേന്ദ്രം നടത്താറുണ്ട്. കൃഷി വിജ്ഞാന കേന്ദ്രം, 2009-10 വർഷത്തിൽ കൃഷിയിലും അനുബന്ധ വിഭാഗങ്ങളിലുമായി 46 പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അവയിൽ 1086 പേർക്ക് തീരദേശ മത്സ്യക്കൃഷി, ഞണ്ട് കൃഷി, അലങ്കാര മത്സ്യകൃഷി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുകയും ചെയ്തു. കാർഷിക മേഖലയിൽ പൊക്കാളി നെൽകൃഷി, കേരകൃഷി, അടുക്കളത്തോത്തിലേക്കുവേണ്ട ജൈവകീടനാശിനി ഉൽപാദനം എന്നീവയിലാണ് പരിശീലനം നൽകിയത്. കൂടാതെ മത്സ്യം, ചെമ്മീൻ, പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ എന്നിവയിൽ മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും കൂൺ സംസ്കരണത്തിൽ പ്രത്യേക പരിശീലനവും, സോപ്പ് - സോപ്പുപൊടി നിർമ്മാണ പരിശീലനവും നൽകി.

### കൃഷിയിട പരീക്ഷണങ്ങൾ

കൃഷിയിടത്തിലെ പരീക്ഷണത്തിന്റെ ഭാഗമായി വളർത്തിയ ഓരു ജല മത്സ്യമായ കാളാഞ്ചിയുടെ വിളവെടുപ്പ് 12-4-2009 ൽ നടത്തുകയുണ്ടായി. നഴ്സറി സംവിധാനത്തിൽ വളർത്തിയെടുത്ത കുഞ്ഞുങ്ങളെ വൈപ്പിൻ ദ്വീപിലെ ചെറായിയിലാണ് വളർത്തിയത്. ഇതിൽ നിന്നു ലഭിച്ച ഏകദേശ വരുമാനം ഒരു ഹെക്ടറിന് 62,500/- രൂപയാണ്.

മിശ്രിത കൃഷിക്കുളങ്ങളിൽ പ്രത്യേകം കൂടുകളിലിട്ടുള്ള കാളാഞ്ചിയുടെ വളർത്തൽ; വൃത്തിയുള്ള കക്കയിറച്ചി സംസ്ക്കരണത്തിനായി ചെറുകിട ശുദ്ധീകരണ യൂണിറ്റിന്റെ പരീക്ഷണം, തെങ്ങുകയറുവാനുള്ള യന്ത്രത്തിന്റെ കൃഷിയിടത്തിലെ പരീക്ഷണം, പുതിയ പൊക്കാളി നെല്ലിനമായ VTL-7 (KAU) ന്റെ പരീക്ഷണം എന്നിവയും നടത്തുകയുണ്ടായി. അലങ്കാര മത്സ്യങ്ങളുടേയും കാളാഞ്ചിയുടേയും നഴ്സറി സംവിധാനത്തിലുള്ള വളർത്തൽ, പ്രകൃതിദത്തമായ രീതിയിൽ തെങ്ങിൻ തോട്ടങ്ങളിൽ തന്നെയുള്ള ജൈവവള നിർമ്മാണം, നെൽകൃഷി വിളവെടുപ്പിൽ പുൽവെട്ടു യന്ത്രത്തിന്റെ കാര്യക്ഷമത പരീക്ഷണം എന്നിവയും നടത്തുകയുണ്ടായി.

### മുൻനിര പ്രദർശന തോട്ടങ്ങൾ







പൊക്കാളി നെല്ലിനമായ VTL-6 (KAU) വിന്റെയും, മികച്ച വിളവു നൽകുന്ന കപ്പയുടെ ഇനങ്ങളായ ശ്രീജയ, ശ്രീരേഖ (CTCRI) എന്നിവയുടെയും ഉദ്പാദന പ്രദർശനം 2008-09 വർഷങ്ങളിൽ നടത്തുകയുണ്ടായി. ഉപയോഗശൂന്യമായ ശുദ്ധജല കുളങ്ങളിൽ ഓരുജല മത്സ്യങ്ങളുടേയും കരിമീനിന്റെയും വളർത്തൽ രീതിയുടെ അവതരണം, കായലുകളിൽ പ്രത്യേക കൂടുകളിലിട്ടുള്ള കാളാഞ്ചി വളർത്തൽ രീതി, കേരകൃഷിയിൽ ട്രൈഡ്മോർഫും വേപ്പിൻ പിണ്ണാക്കും ഉപയോഗിച്ചുള്ള ശാസ്ത്രീയ കീടനിയന്ത്രണം, പ്രകൃതിക്കിണങ്ങിയ രീതിയിൽ ഫെറമോൺ കെണി ഉപയോഗിച്ചുള്ള കീടനിയന്ത്രണം, ചിപ്പിക്കൂൺ കൃഷി പ്രദർശനം, മികച്ച വിളവു നൽകുന്ന സങ്കരയിനമായ "കേരശ്രീ" തെങ്ങുകളുടെ കൃഷി എന്നിവയ്ക്കു പുറമെ മുൻനിര പ്രദർശനങ്ങളുടെ ഭാഗമായി കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന കപ്പ ചിപ്സ് ഉണ്ടാക്കുന്ന യന്ത്രത്തിന്റെ ഉപയോഗം, കപ്പയുടെ വിളവെടുപ്പിനുപയോഗിക്കുന്ന യന്ത്രത്തിന്റെ ഉപയോഗം എന്നിവയും വിജയകരമായി നടത്തി.

### കൃഷിയിട പാഠശാല

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാധാരണ പരിശീലന പരിപാടികൾക്കു പുറമേ അങ്കമാലിക്കടുത്തുള്ള മൂക്കന്നൂരിൽ വച്ചു "വാഴ കൃഷിയിലെ സമഗ്ര കീടനിയന്ത്രണം" എന്ന വിഷയത്തെക്കുറിച്ച് ഒരു കൃഷിയിട പാഠശാല പരിപാടി നടത്തുകയുണ്ടായി. കേന്ദ്രത്തിലെ ശാസ്ത്രജ്ഞരും മൂക്കന്നൂരിലെ കൃഷി ഓഫീസറും കൃത്യമായ ഇടവേളകളിൽ നടീൽ മുതൽ വിളവെടുപ്പു വരെ കൃഷിയിടങ്ങൾ സന്ദർശിച്ചു പോന്നു. ഇതിനു പുറമെ ആഴ്ചയിലൊരിക്കൽ വാഴകൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് വിശദമായ ചർച്ചകളും, പ്രദർശനങ്ങളും, ക്ലാസ്സുകളും നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ 40 ഓളം കർഷകർ പങ്കെടുത്തു.

### ബോധവൽക്കരണ പരിപാടികൾ

കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ഞാറക്കലിലെ സാമൂഹിക ആരോഗ്യ കേന്ദ്രവുമായി

സഹകരിച്ച് 12-8-2009 ന് ഞാറക്കലിൽ വച്ച് "ഗ്രാമങ്ങളുടെ ശാക്തീകരണത്തിൽ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. നായരമ്പലം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി ദിലീപ് പരിപാടി ഉദ്ഘാടനം ചെയ്തു. ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പങ്കിനെക്കുറിച്ച് ഞാറക്കൽ കൃഷി വിജ്ഞാനകേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. കെ. അശോകകുമാരൻ ഉണ്ണിത്താൻ വിശദീകരിച്ചു. കൃഷി വിജ്ഞാന കേന്ദ്രം ഗൃഹശാസ്ത്ര വിഭാഗത്തിലെ സാങ്കേതിക വിദഗ്ദ്ധ ശ്രീമതി പി. ശ്രീലത, "പഴം, പച്ചക്കറി, മത്സ്യം എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ" എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ഡോക്ടർമാരും, ആരോഗ്യപ്രവർത്തകരും, ഗ്രാമീണ സ്ത്രീകളും, പുരുഷന്മാരുമായി അറുപതിലധികം പേർ പരിപാടിയിൽ പങ്കെടുത്തു.

**ശാസ്ത്ര ക്യാമ്പ്**

1) കെ.വി.കെയിൽ വച്ച് 24-9-2009 ന് "കണ്ടൽകാടുകളുടെ സംരക്ഷണം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ശാസ്ത്ര ക്യാമ്പ് സംഘടിപ്പിച്ചു. കൊച്ചിൻ കോളേജ് സുവോളജി വിഭാഗത്തിലെ 24 വിദ്യാർത്ഥിനി വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ക്യാമ്പിൽ പങ്കെടുത്തു. 2) ഞാറയ്ക്കൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കായി 2009 നവംബർ 16 മുതൽ 28 വരെ പത്തു ദിവസം നീണ്ടുനിന്ന ഒരു ശാസ്ത്ര ക്യാമ്പ് സി.എം.എഫ്.ആർ.ഐ. ആസ്ഥാനത്ത് വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ക്യാമ്പിൽ അക്വാകൾച്ചർ വിഭാഗത്തിലെ 27 കുട്ടികളും 3 അദ്ധ്യാപകരും പങ്കെടുത്തു. സമഗ്രമായ കൃഷി ഉൾപ്പെടെ തീരദേശ മത്സ്യകൃഷിയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് പന്ത്രണ്ടിലധികം വിദഗ്ദ്ധർ ക്ലാസ്സുകളെടുത്തു.

**ശാസ്ത്ര ഉപദേശക സമിതിയോഗം**

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പുനസംഘടിപ്പിക്കപ്പെട്ട ശാസ്ത്ര ഉപദേശക സമിതിയുടെ രണ്ടാമതു യോഗം 2010 മാർച്ച് 22-ാം തീയതി കൊച്ചിയില സി.എം.എഫ്.ആർ.ഐ. ആസ്ഥാനത്തു വച്ചു നടന്നു.

**റേഡിയോ പരിപാടികൾ**

കർഷകരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മാദ്ധ്യമ സ്വാധീനം കണക്കിലെടുത്ത് കൃഷി വിജ്ഞാന കേന്ദ്രം താഴെ പറയുന്ന പരിപാടികൾ നടത്തുകയുണ്ടായി.

1. മാറി വരുന്ന സാമൂഹിക ചുറ്റുപാടുകളിൽ കാർഷിക പുരോഗതി കൈവരിക്കുന്നതിനുവേണ്ട തന്ത്രപരമായ സമീപനങ്ങൾ എന്ന വിഷയത്തെക്കുറിച്ച് 2010 മെയ് 15-ാം തീയതി സംപ്രേഷണം ചെയ്ത, ആകാശവാണിയുടെ ഫോൺ-ഇൻ-പരിപാടിയിൽ ഡോ. കെ. അശോകകുമാരൻ ഉണ്ണിത്താൻ പങ്കെടുത്തു.
2. 2009 ആഗസ്റ്റ് 3-ന് ഓൾ ഇൻഡ്യ റേഡിയോ തൃശ്ശൂർ സ്റ്റേഷൻ സംപ്രേഷണം ചെയ്ത "വയലും വീടും" എന്ന പരിപാടിയിൽ "കയറ്റുമതി ലക്ഷ്യം വച്ചുള്ള ഞണ്ടു കൃഷി" എന്ന വിഷയത്തിൽ ഡോ. അശോകകുമാരൻ ഉണ്ണിത്താൻ പങ്കെടുത്തു.
3. 2009 ഡിസംബർ 12-ന് കൊച്ചി എഫ്.എം. റേഡിയോ നിലയം സംപ്രേഷണം ചെയ്ത "കർഷക സമൂഹത്തിനു വേണ്ടിയുള്ള കെ.വി.കെ.യുടെ പദ്ധതികൾ" എന്ന അഭിമുഖത്തിൽ ഡോ. അശോകകുമാരൻ ഉണ്ണിത്താൻ പങ്കെടുത്തു.
4. ബഡ്ജറ്റിനു മുന്നോടിയായി 2010 ഫെബ്രുവരി 23-ാം തീയതി "ബഡ്ജറ്റിൽ കാർഷിക മേഖലയുടെ പ്രതീക്ഷകൾ, ആവശ്യങ്ങൾ, സാധ്യതകൾ" എന്ന വിഷയത്തിൽ നടത്തിയ ഫോൺ ഇൻ പരിപാടിയിൽ കേന്ദ്രത്തിലെ ഉദ്യാന ശാസ്ത്രവിദഗ്ദ്ധൻ ശ്രീ. ഷോജി ജോയ് എഡിസൺ പങ്കെടുക്കുകയും, ആകാശവാണി കൊച്ചി നിലയം പ്രസ്തുത പരിപാടി 25-2-2010 ന് സംപ്രേഷണം ചെയ്യുകയുമുണ്ടായി.

**പ്രധാന സന്ദർശകർ**

കേന്ദ്ര ഓരുജല മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടർ ഡോ. എ.ജി. പൊന്നയ്യ, പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. എ.ആർ.ടി. അരസു, എസ്.എം. പിള്ള, ഈ സ്ഥാപനത്തിന്റെ പഞ്ചവത്സര പ്രവർത്തന അവലോകന ടീം തലവൻ ഡോ. ടി.ജെ. പാണ്ഡ്യൻ എന്നിവർ 12-6-2009 ന് കെ.വി.കെ. സന്ദർശിച്ചു.

സാങ്കേതിക വാരാഘോഷത്തോടനുബന്ധിച്ച് 2009 ഒക്ടോബർ 26 മുതൽ 30 വരെ കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. എം.കെ. ഷീല, എറണാകുളം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറും ജോയിന്റ് ഡയറക്ടറുമായ ശ്രീ. എ. സി. ഫിലിപ്പ്, എറണാകുളം NABARD അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. എ.വി.വി. സുബ്രഹ്മണ്യൻ, എറണാകുളം യൂണിയൻ ബാങ്ക് ലീഡ് ഡിസ്ട്രിക്ട് മാനേജർ ശ്രീ. കെ.ആർ. ജയപ്രകാശ്, IFFCO സ്റ്റേറ്റ് മാർക്കറ്റിംഗ് മാനേജർ ശ്രീ. ഡി. സുബ്രഹ്മണ്യൻ, NIFPHATT ഡയറക്ടർ ഡോ. ശ്രീമതി എസ്. ഗിരിജ എന്നിവർ കേന്ദ്രം സന്ദർശിക്കുകയുണ്ടായി.

ഡോ. എസ്.എ.എച്ച് അബീദിയുടെ നേതൃത്വത്തിലുള്ള CMFRI പഞ്ചവത്സര പ്രവർത്തന അവലോകന ടീം 22-10-2009 ന് കെ.വി.കെ. സന്ദർശിച്ചു.

2010 ജനുവരി 10-ാം തീയതി ന്യൂഡൽഹി, ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ) ഡോ. കെ.ഡി. കോക്കാട്ടെയോടൊപ്പം ബാംഗ്ലൂർ, ഐ.സി.എ.ആർ. ടി.[illegible] പ്രൊജക്റ്റ്സ്, സോൺ VIII, സോണൽ പ്രൊജക്റ്റ് ഡയറക്ടർ ഡോ. എസ്. പ്രഭുകുമാറും കെ.വി.കെ. സന്ദർശിക്കുകയുണ്ടായി.

**കെ.വി.കെ.യിലേക്ക് കർഷകരുടെ പഠനയാത്ര**

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ATMA പദ്ധതിയുടെ കീഴിൽ 2009 ആഗസ്റ്റ് 4-ാം തീയതി കന്യാകുമാരിയിൽ നിന്നും 30 കർഷകരും, 2009 സെപ്റ്റംബർ 16-ാം തീയതി എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്കിൽ നിന്നും 40 കർഷകരും 2009 സെപ്റ്റംബർ 29-ാം തീയതി എറണാകുളം ജില്ലയിലെ തന്നെ അങ്കമാലി ബ്ലോക്കിൽ നിന്നും 45 കർഷകരും കെ.വി.കെ. സന്ദർശിച്ചു. ഇവർക്ക് കുളങ്ങളിലും കൂടുകളിലുമായി വിവിധതരം മത്സ്യങ്ങളുടെ വളർത്തലിനെക്കുറിച്ചും മത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തെക്കുറിച്ചും പരിശീലനം നൽകി. കേരള സർക്കാരിന്റെ ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാർമേഴ്സ് ഡവലപ്പ്മെന്റ് ഏജൻസിയുടെ കീഴിൽ കോഴിക്കോട്ടുനിന്നും 22 മത്സ്യകർഷകരടങ്ങുന്ന ഒരു സംഘം കെ.വി.കെ. സന്ദർശിക്കുകയും കൂടുപയോഗിച്ചുള്ള നഴ്സറി സംവിധാനം, ഹാച്ചറികളിൽ തയ്യാറാക്കുന്ന ചെളിഞണ്ട്, കാളാഞ്ചി കുഞ്ഞുങ്ങളുടെ വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നേടുകയും ചെയ്തു. കോതമംഗലം താലൂക്കിൽ നിന്നുമുള്ള ഒരു സംഘം മത്സ്യകർഷകർക്ക് പറവൂർ താലൂക്കിലുള്ള മാതൃകാ മത്സ്യകൃഷി ഫാമുകൾ സന്ദർശിക്കാനും കർഷകരുമായി സംവദിക്കാനുമുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്തു.

**നിയമനങ്ങൾ**

2010 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ കെ.വി.കെയിൽ ഒഴിവുണ്ടായിരുന്ന തസ്തികകളിൽ താഴെപറയുന്ന നിയമനങ്ങൾ നടത്തി.

**സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ്:** 1) ശ്രീ. വിജേന്ദ്രകുമാർ മീന, കൃഷിശാസ്ത്രം, 2) ശ്രീ. ഷോജി ജോയ് എഡിസൺ, ഉദ്യാന ശാസ്ത്രം, 3) ഡോ. എസ്. ഷനാസ്, രോഗ കീട നിയന്ത്രണം, 4) ഡോ. ശ്രീമതി കെ. സ്മിത ശിവദാസൻ, മൃഗസംരക്ഷണം, 5) ശ്രീ. എഫ്. പുഷ്പരാജ് ആഞ്ചലോ, കാർഷിക വിജ്ഞാന വ്യാപനം.

**പ്രോഗ്രാം അസിസ്റ്റന്റ്:** 1) കുമാരി. എൻ.വി. ദീപ്തി, 2) ശ്രീ. വി.കെ. മനു

Published by: Dr. G. Syda Rao, Director CMFRI, Edited by: Dr. Shinoj Subramannian, Programme Coordinator, KVK
Compiled by: F. Pushparaj Anjelo, Dr. K. Smita Sivadasan & Rincy K.R.